പിരിച്ചുവിടാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച് എന്തെങ്കിലും കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സെക്ടർ റിഫോംസ് പദ്ധതിയിൽ സീനിയർ കൺസൾട്ടന്റ് (എച്ച്. ആർ. ഡി.) തസ്തികയ്ക്ക് നിശ്ചയിച്ചിരിക്കുന്ന യോഗ്യത ചുവടെ കൊടുത്തിരിക്കുന്നു:

(1) ബിസിനസ്സ് മാനേജ്മെന്റ് ഡെവലപ്പ്മെന്റ്, റൂറൽ മാനേജ്മെന്റ്, സോഷ്യൽ വർക്ക് എന്നിവയിൽ ഏതിലെങ്കിലുമുള്ള ബിരുദാനന്തര ബിരുദം.

(2) സാമൂഹ്യാധിഷ്ഠിത വികസനപദ്ധതികളിൽ പ്രത്യേകിച്ച് കുടിവെള്ള-ശുചിത്വ മേഖലയിൽ 5 വർഷത്തിൽ കുറയാതെയുള്ള പ്രവർത്തന പരിചയം

(3) മലയാളം, കനഡ ഭാഷകളിലുള്ള അറിവ്.

(4) ഗവൺമെന്റിതര സന്നദ്ധസംഘടനകളിലുള്ള പ്രവൃത്തി പരിചയം എന്നിവയാണ്.

(ബി) ശ്രീമതി ജയലക്ഷ്മിഭട്ടിന് നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും ഇല്ലാത്തതിനാലാണ് സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം സർവ്വീസിൽ നിന്നു പിരിച്ചു വിട്ടത്. പിരിച്ചു വിട്ടതിനെതിരെ ശ്രീമതി ജയലക്ഷ്മിഭട്ട് റയൽ ചെയ്ത കേസ് ബഹു. കേരള ഹൈക്കോടതി തള്ളിക്കളഞ്ഞിട്ടുണ്ട്.

പെരുമണ്ണ പഞ്ചായത്തിലെ വെലപ്പാറക്കുന്ന് കുടിവെള്ള വിതരണ പദ്ധതി

69 [3212] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പെരുമണ്ണ പഞ്ചായത്തിലെ വെലപ്പാറക്കുന്ന് കുടിവെള്ള വിതരണ പദ്ധതിയുടെ പണി പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം പറയാമോ;

(സി) പ്രസ്തുത പണിയുടെ നിലവിലുള്ള സ്ഥിതിയെന്താണ്;

(ഡി) പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പെരുമണ്ണ പഞ്ചായത്തിൽ വെലപ്പാറക്കുന്ന് എന്ന പദ്ധതി നിലവിലില്ല. എന്നാൽ കുന്ദമംഗലം

LIBRARY ARCHIVES Kerala Legislative Assembly

നിയോജകമണ്ഡലത്തിൽ ചെനപ്പാറകുന്ന് എന്ന കുടിവെള്ള പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയുടെ വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

(സി) വൈദ്യുതി കണക്ഷനുവേണ്ടി 1,01,000 രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കെ. എസ്. ഇ. ബി. പന്തീരാങ്കാവ് ഓഫീസിൽ അടച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷനുവേണ്ടി കെ. എസ്. ഇ. ബി. കോഴിക്കോട് ഓഫീസുമായി നിരന്തരം ബന്ധപ്പെട്ടു വരുന്നു.

(ഡി) വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

ഹരിപ്പാട് മണ്ഡലത്തിലെ കുടിവെള്ള വിതരണം

70 [3213] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള വിതരണത്തിനായി ഏതെല്ലാം പുതിയ പദ്ധതികളാണ് നിലവിൽ നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഓരോ പദ്ധതികളുടേയും നടപടികൾ ഏത് ഘട്ടങ്ങളിൽ എത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള വിതരണത്തിനായി നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളും അവയുടെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

ശുദ്ധജലവിതരണ പദ്ധതിക്ക് എൽ. ഐ. സി.-യുടെ ധനസഹായം

71 [3214] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ എൻ. ശക്തൻ:
„ വർക്കല കഹാർ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം സംസ്ഥാനത്തെ ശുദ്ധജലവിതരണ പദ്ധതികൾക്ക് എൽ. ഐ. സി. എന്തു തുക നൽകി;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly